**ഡയറ്റുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ**

148 (6714) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഡയറ്റുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഡയറ്റിലെ അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഡയറ്റുകളിലെ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഉണ്ട്; സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള ഭേദഗതി ശിപാർശകൾ പരിശോധിച്ചുവരികയുമാണ്.

**ചാലക്കുടിയിലെ മേഖല സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം**

149 (6715) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ ചാലക്കുടിയിലെ മേഖല ശാസ്ത്രകേന്ദ്രത്തിലെ ഗ്യാലറിക്കായി എക്സിബിറ്റുകൾ നിർമ്മിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഓരോ എക്സിബിറ്റും നിർമ്മിക്കുന്നതിനായി എത്ര തുകയാണ് നിശ്ചയിച്ചതെന്നും ഇതുവരെ എത്ര എക്സിബിറ്റുകൾ നിർമ്മിച്ചുവെന്നും ഇനിയും എത്ര എണ്ണം പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

2017-18 ബജറ്റിൽ 50 ലക്ഷം രൂപ ഗ്യാലറിയിലെ എക്സിബിറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. അതിൽ നാളിതുവരെ 7,95,143 രൂപ ചെലവഴിച്ചിട്ടുണ്ട്.

43 എക്സിബിറ്റുകളാണ് ആകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ എക്സിബിറ്റിന്റെ ശരാശരി ചെലവ് 1,16,000 രൂപയാണ്. എക്സിബിറ്റുകൾ ഒന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല. ഈ എക്സിബിറ്റുകൾ നിർമ്മിക്കുന്നത് Research &

LIBRARY ARCHIVES Kerala Legislative Assembly

Development Project മുഖേനയാണ്. ഇവ മാർക്കറ്റിൽനിന്നും തയ്യാറാക്കി ലഭിക്കപ്പെടുന്നവയല്ല. അസംസ്കൃത വസ്തുക്കൾ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാങ്ങി അവ സൈറ്റിൽവച്ച് കൂട്ടിയോജിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും പരിശോധനകൾ പൂർത്തിയാക്കി അവ ക്യാബിനുകളിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം ഇനി 43 എക്സിബിറ്റുകളും പൂർത്തീകരിക്കാനുണ്ട്.

**കായികാദ്ധ്യാപകരെ ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കൽ**

150 (6716) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല സ്കൂൾ കായിക മത്സരങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ടി കായികാധ്യാപകരെ ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കാറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണ്;

(ബി) ഇത്തരത്തിൽ എല്ലാ ജില്ലകളിലും കോ-ഓർഡിനേറ്റർമാർ നിലവിലുണ്ടോ; കാലാവധി കഴിഞ്ഞ കോ-ഓർഡിനേറ്റർമാർക്ക് പകരം പുതിയ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്പോർട്സ് ആൻഡ് ഗെയിംസ് മാന്വൽ അനുബന്ധം X-ൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത്.

(ബി) ഇല്ല. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ കോ-ഓർഡിനേറ്റർമാർ ഇല്ല. ഈ ജില്ലകളിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോ-ഓർഡിനേറ്റർമാരുടെ കാലാവധി മൂന്ന് വർഷമാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് പകരം പുതിയ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത് സ്പോർട്സ് ആൻഡ് ഗെയിംസ് മാന്വൽ അനുബന്ധം X പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനായ കമ്മിറ്റിയാണ്.

**അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

151 (6717) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അംഗീകാരമില്ലാതെ സംസ്ഥാനത്ത് ഇപ്പോഴും തുടർന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly